പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 1869 — 04/05/2017 ൽ മറുപടിക്ക്

## സിൽക്ക് - ന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന കപ്പൽ പൊളിക്കൽ സ്ഥാപനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**ശ്രീ.ഇ.കെ. വിജയൻ**<br>**ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ**<br>**ശ്രീമതി.സി.കെ. ആശ** | **ശ്രീ. എ.സി.മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) യാതൊരു സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കാതെ കണ്ണൂർ ജില്ലയിലെ അഴീക്കലിൽ സിൽക്ക്-ന്റെ ആഭിമുഖ്യത്തിൽ കപ്പൽ പൊളിക്കൽ വ്യവസായ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) കണ്ണൂർ ജില്ലയിലെ അഴീക്കലിൽ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന് ഒരു കപ്പൽ നിർമ്മാണശാലയുണ്ട്. ബോട്ടുകളുടേയും മറ്റും നിർമ്മാണം കൂടാതെ 375 മുതൽ 2375 മെ.ടൺ വരെ ഭാരമുള്ള കപ്പലുകൾ പൊളിക്കുന്ന പ്രക്രിയകളും ഇവിടെ നടന്നു വരുന്നു. കസ്റ്റംസ്, പോർട്ട്, പൊല്യൂഷൻ കൺട്രോൾ ബോർഡ് , ഫാക്ടറീസ് & ബോയിലേഴ്സ് തുടങ്ങിയ വകുപ്പുകളുടെ കർശന സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് ഇവിടെ കപ്പൽ പൊളിക്കൽ നടക്കുന്നത്. കപ്പൽ അടുപ്പിച്ച്, ഭൂമിയിൽ സ്പർശിക്കാതെ കോൺക്രീറ്റ് പ്രതലത്തിൽ വലിയ കഷണങ്ങളായി മുറിച്ച്, ക്രെയിൻ ഉപയോഗിച്ച് വർക്ക്ഷോപ്പിൽ എത്തിച്ചാണ് പ്രോസസ് ചെയ്യുന്നത്. അന്തരീക്ഷ മലിനീകരണം തടയുവാൻ വാട്ടർ സ്പ്രിംഗ്ലറുകൾ, ഓയിൽ മുതലായവ പരക്കുന്നത് തടയുവാനായി കപ്പലിനുചുറ്റും ബൂം ബാരിയറുകൾ തുടങ്ങിയ മുൻകരുതലുകൾ ചെയ്തിട്ടുണ്ട്. ജീവനക്കാർക്ക് ആവശ്യമായ എല്ലാ സുരക്ഷാഉപകരണങ്ങളും നൽകുന്നുണ്ട്. ഓയിൽ, ഡീസൽ, ആസ്ബറ്റോസ് തുടങ്ങിയവ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ചട്ടങ്ങൾക്കനുസരിച്ച് കോമൺ ട്രീറ്റ്മെന്റ് & സേഫ് ഡിസ്പോസൽ ഫെസിലിറ്റി മുഖാന്തിരമാണ് മാറ്റുന്നത്. |
| (ബി) പ്രസ്തുത വ്യവസായം കൊണ്ട് സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കുമോ; | (ബി) ആഭ്യന്തര വിപണിയിൽ ബിൽഡിംഗ് മെറ്റീരിയലുകൾ ഉണ്ടാക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത വർദ്ധിക്കുന്നു. തദ്ദേശീയമായി തൊഴിൽ സാദ്ധ്യത വർദ്ധിക്കുന്നു. |
| (സി) പൊളിക്കുന്ന കപ്പലുകളിലെ മാരകമായ രാസവസ്തുക്കൾ പരിസ്ഥിതിയ്ക്കും, ജീവജാലങ്ങൾക്കും ഗുരുതര പ്രശ്നങ്ങൾ ഉണ്ടാക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; | (സി) കണ്ണൂർ യൂണിറ്റിൽ സാധാരണ ഗതിയിൽ ചരക്കുകപ്പലുകൾ മാത്രമാണ് പൊളിക്കുന്നത്. കപ്പലുകൾ കൊണ്ടുവരുന്നതിന് മുൻപായി ബന്ധപ്പെട്ട |

| | |
|---|---|
| വ്യക്തമാക്കാമോ; | അധികാരികളിൽ നിന്ന് കപ്പലിൽ ആപൽക്കരമായ മാലിന്യങ്ങളോ റേഡിയോ ആക്ടീവ് പദാർത്ഥങ്ങളോ ഇല്ല എന്നതിനുള്ള സാക്ഷ്യപത്രവും, കപ്പൽ കൃത്യമായും മാലിന്യമുക്തമാണെന്നും ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ